ഭരണഭാഷ - മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**

തീയതി, തിരുവനന്തപുരം 19/08/2013

വിഷയം:- ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറുടെ 16-08-2013 ലെ HL/E 1/1301/13 നമ്പർ ഉത്തരവ്.
2) ഈ ഓഫീസിലെ 29/05/2013 - ലെ ഗ്രേഡേഷൻ സെൽ 15139/2012/DES നമ്പർ ഉത്തരവ്.
3) 20/02/2009 ലെ ജി.ഒ.(പി) നം.9/2009/ പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
4) 04/07/2013 ലെ സ ഉ (സാധാ)നം.267/2013/ആ.സാ.ഓ നം.സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇഎ (1) 2013/ 2013/ ഡി.ഇ.എസ്**

പരാമർശം (1) ഉത്തരവ് പ്രകാരം കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിൽ ഒഴിവു വന്ന ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/സ്റ്റാറ്റിസ്റ്റിക്കൽഅസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലെ ഏറ്റവും സീനിയറായിട്ടുളള ആലപ്പുഴ ജില്ലാ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ശ്രീ.സേവ്യർ.എ.ജെ യെ 13900-24040/- രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

പരാമർശം (3) ഉത്തരവിൽ കാറ്റഗറി 4 (സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ / സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-II)തസ്തികയിൽ നിന്നും കാറ്റഗറി 3 (സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് /സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർഗ്രേഡ്-I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ) തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അക്കൗണ്ട് ടെസ്റ്റ് പാസാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. പരാമർശം (4)ഉത്തരവ് പ്രകാരം 20-02-2009 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർക്ക് അക്കൗണ്ട് ടെസ്റ്റ് പാസാകുന്നതിന് 20-08-2013 വരെ സമയം ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീ.സേവ്യർ.എ.ജെ 20-08-2013ന് മുമ്പ് അക്കൗണ്ട് ടെസ്റ്റ് പാസായില്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവർട്ട് ചെയ്യുന്നതായിരിക്കും.

ശ്രീ.സേവ്യർ.എ.ജെ യുടെ സീനിയോറിറ്റി 24-08-2012 ലെ ഇഎ(1) 2012/ 2012/ ഡി.ഇ.എസ് നമ്പർ ഉത്തരവ് പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ആയി ഉദ്യോഗക്കയറ്റം ലഭിച്ച ക്രമനം.9 ശ്രീ.രാമചന്ദ്രൻ.റ്റി യുടെ താഴെയായും ക്രമനം.10 ശ്രീമതി.അജിത.വി.ബിയുടെ മുകളിലായും പുനഃസ്ഥാപിച്ചിരിക്കുന്നു.

**ഒപ്പ്**

**ഐ.എസ്.സുഭാഷ്ചന്ദ്രബോസ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ശ്രീ.സേവ്യർ.എ.ജെ

പകർപ്പ്:-
1) ഡയറക്ടർ, കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2) ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) ഡെപ്യൂട്ടി ഡയറക്ടർ , കമ്പ്യൂട്ടർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്മാർക്കും / സി.എ മാർക്കും.
5) അക്കൗണ്ട്സ് /ഇഎ(4) / ഗ്രേഡേഷൻ സെൽ / വിജിലൻസ്
6) ഫയൽ / സൂക്ഷിപ്പ് ഫയൽ

ഉത്തരവിൻ പ്രകാരം

സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (അഡ്മിനിസ്ട്രേഷൻ)

D 20/08